# S.N. ROAD RESIDENTS ASSOCIATION

Reg. No.TSR/CA/111/2014

S.N. ROAD RESIDENTS ASSOCIATION

Reg. No.TSR/CA/111/2014

SNRA

Estd.
08-06-2014

# കുടുംബ കൂട്ടായ്മ

## ഡയറക്ടറി 2024

Reg. No. TSR/CA/111/2014
SNRA

സ്ഥാപിതം
08-06-2014

# എസ്.എൻ. റോഡ് റെസിഡന്റ്സ് അസോസിയേഷൻ, വലപ്പാട്

## ആമുഖം

പിന്നിട്ട വഴികളിലൂടെ നടക്കാൻ ഇനി ഒരിക്കലും നമുക്ക് കഴിയുകയില്ല. പക്ഷെ ആ വഴികൾ നൽകിയ ഊർജ്ജവും മുന്നോട്ട് പോകാൻ വെല്ലുവിളികൾ നേരിടാൻ കൈകോർത്ത് മുന്നേറാൻ ശക്തിയുള്ളതായിരുന്നു. ആ ഊർജ്ജമാണ് എസ്.എൻ. ആർ. എ.യുടെ കരുത്ത്.

വലപ്പാട് പഞ്ചായത്തിൽ ആദ്യമായി രൂപം കൊണ്ട എസ്.എൻ. റോഡ് റെസിഡന്റ്സ് അസോസിയേഷന്റെ മികവാർന്നതും ജനോപകാരപ്രദവുമായ പ്രവർത്തനങ്ങളിൽ നിന്നും പ്രചോദനമുൾക്കൊണ്ടുകൊണ്ടാണ് പുതിയ റസിഡൻസ് അസോസിയേഷനുകൾ വലപ്പാട് പഞ്ചായത്തിൽ ഉണ്ടായത്. ഇത്തരം കൂട്ടായ്മകൾക്ക് തുടക്കം കുറിക്കാൻ സാധിച്ചു എന്നതിൽ നമുക്കഭിമാനിക്കാം.

ഒരു പ്രത്യേക റസിഡൻഷ്യൽ സൊസൈറ്റിയിലെ എല്ലാ താമസക്കാരുടെയും മൊത്തത്തിലുള്ള ക്ഷേമത്തിനായി പ്രവർത്തിക്കുക എന്നതാണ് പ്രാഥമിക ഉദ്ദേശം. പ്രസ്തുത പ്രദേശത്തിന്റെ താല്പര്യങ്ങളും ക്ഷേമവും പരിപാലിക്കുന്ന ഒരു സർക്കാരിതര സംഘടനയാണ് റെസിഡന്റ്സ് അസോസിയേഷൻ.

സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്റ്റ് 1860 ലെ 21-ാമത് സെൻട്രൽ രജിസ്ട്രേഷൻ ആക്ടിലെ എല്ലാ വ്യവസ്ഥകളും സംഘത്തിന് ബാധകമായിരിക്കും.

സാമ്പത്തിക വർഷം : ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെ

ഭരണസമിതി തെരഞ്ഞെടുപ്പ് : ജനറൽ ബോഡി യോഗത്തിനിടെ തെരഞ്ഞെടുപ്പിലൂടെ

ജാതിക്കും മതത്തിനും മറ്റെല്ലാ അതിർവരമ്പുകൾക്കുമപ്പുറം എല്ലാ കുടുംബാംഗങ്ങളെയും ഒരുമിപ്പിച്ചു നിർത്തുന്നതിനും കലാ-സാംസ്കാരിക വിദ്യാഭ്യാസ മേഖലകളിലെ കഴിവുകൾ അംഗീകരിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങളിലും ശുചീകരണ പ്രവർത്തനങ്ങളിലും ചെറിയ തോതിലെങ്കിലും ഇടപെടുന്നതിനും ഈ കാലയളവിൽ അസോസിയേഷന് കഴിഞ്ഞുവെന്നത് ശ്രദ്ധേയമാണ്. അസോസിയേഷൻ കുടുംബാംഗങ്ങൾ തമ്മിലുള്ള ഐക്യം നിലനിർത്തുന്നതിനും പരസ്പരം കൂടുതൽ മനസ്സിലാക്കുന്നതിനും മാനവികതയിലധിഷ്ഠിതമായ കൂട്ടായ്മ ഊട്ടിയുറപ്പിക്കുന്നതിനും ഈ ഡയറക്ടറി ഉപകരിക്കുമെന്ന് ആത്മാർത്ഥമായി ആഗ്രഹിച്ചുകൊണ്ട്...

# ഭരണസമിതി അംഗങ്ങൾ

പ്രസിഡന്റ്




ടി.ജി. ഗിരി
9747372575

സെക്രട്ടറി



പി.പുരുഷോത്തമൻ
9539288747

ട്രഷറർ



കെ. വിനോദ്കുമാർ
9446762997

വൈസ് പ്രസിഡന്റ്



ടി. സുധീർദാസ്
9656700551

ജോയിന്റ് സെക്രട്ടറി



കെ.എസ്. അഖിൽകുമാർ
8138005711


## എക്സിക്യൂട്ടിവ് മെമ്പർമാർ



കെ.എസ്. ശശിധരൻ
9446054571




മജീദ്
9747754914



ബാബു രാജേന്ദ്രൻ
8137059111



കെ. അയ്യപ്പദാസ്
9944101413



ടി.കെ. സുബിൻ
9447435736




കൈരളി തിലകൻ
9947927110



ടി. ഉണ്ണികൃഷ്ണൻ
9846780037



ഉഷ സുഭാഷ്
7025951547



വി.എം. സീനത്ത്
9846489929



ടി.എസ്. സുവിത
9961577371

# ഉദ്ദേശ്യ ലക്ഷ്യങ്ങൾ

- ജാതി, മത, കക്ഷി രാഷ്ട്രീയമായതോ മറ്റേതെങ്കിലും തരത്തിലുള്ളതോ ആയ ചിന്തകൾക്കതീതമായി പ്രദേശത്തിന്റെ പൊതുനന്മക്കായി കൂട്ടായി പ്രയത്നിക്കുക.
- പ്രവർത്തനമേഖലയിൽ ഉൾപ്പെട്ട വീട്ടുകാരുടെ ക്ഷേമത്തെയും പൊതുതാൽപര്യത്തെയും സംരക്ഷിക്കുക.
- കലാ–സാംസ്കാരിക–കായിക–വിനോദങ്ങൾ പ്രോത്സാഹിപ്പിക്കുകയും മികവുള്ളവരെ കണ്ടെത്തി ആദരിക്കുകയും ചെയ്യുക.
- സാമൂഹ്യ സേവന പ്രവർത്തനങ്ങളും ജീവകാരുണ്യ പ്രവർത്തനങ്ങളും ഏറ്റെടുക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- പൊതുസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പരിപാലിക്കുന്നതിനും വിവിധ സർക്കാർ വകുപ്പുകളുമായും ഏജൻസികളുമായും ബന്ധപ്പെട്ട് പ്രവർത്തിക്കുക.
- വയോധികർ, കുട്ടികൾ, സ്ത്രീകൾ, യുവാക്കൾ തുടങ്ങിയ ഓരോ വിഭാഗം ജനങ്ങളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനായി കൂട്ടായി പ്രയത്നിക്കുക.
- വിവാഹം , രോഗങ്ങൾ. മരണം തുടങ്ങിയവ ഉണ്ടാകുമ്പോൾ ബന്ധപ്പെട്ട അംഗങ്ങൾക്ക് പരമാവധി സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുക.
- പരിസ്ഥിതി സംരക്ഷണ പ്രവർത്തങ്ങളിൽ കൂട്ടായ പ്രവർത്തനം നടത്തുക.
- പരിസരശുചീകരണ പ്രവർത്തങ്ങൾ ഏറ്റെടുത്ത് നടത്തുക.
- മദ്യം, മയക്കുമരുന്ന്, തുടങ്ങിയ സാമൂഹ്യ വിപത്തുകൾക്കെതിരെയുള്ള പ്രവർത്തനങ്ങൾ, ആരോഗ്യബോധവൽക്കരണ ക്ലാസ്സുകൾ, മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയവ സംഘടിപ്പിക്കുക.
- വിദ്യാർത്ഥികൾക്കും യുവതിയുവാക്കൾക്കും വേണ്ടി കരിയർ ഗൈഡൻസ്, സംരംഭകത്വ ക്ലാസ് തുടങ്ങിയവ സംഘടിപ്പിക്കുക.
- പൊതുആഘോഷവേളകൾ ജനകീയമായി കൂട്ടായ്മയോടെ ആഘോഷിക്കുക.
- പ്രദേശത്തെ ജനങ്ങളുടെ സൗഹൃദം , കൂട്ടായ്മ, ഐക്യബോധം, പരസ്പര സഹകരണം, ക്ഷേമം, വിദ്യാഭ്യാസ സാംസ്കാരിക പുരോഗതി എന്നിവ കൈവരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

# പിന്നിട്ട വഴിയിലൂടെ

കാലം എന്ന നിലക്കാത്ത പ്രവാഹം. അതിന്റെ കുത്തൊഴുക്കിലും നേട്ടത്തിന്റെ മാന്ത്രികച്ചെപ്പുകൾ തുറക്കുന്ന മനുഷ്യൻ. എവിടെയോ വേരറ്റുപോകുന്ന ഒത്തൊരുമ. ഒറ്റപ്പെട്ട് പോകുമോ എന്ന വാർദ്ധക്യത്തിന്റെ വേദനനിസ്സഹായരാവുന്ന രോഗബാധിതർ, താങ്ങും തണലുനുല്ലാത്തവരുടെ ദീനരോധനം. കാലം ഒരുപാട്മാറി പോയി എന്ന് സംശയിക്കുന്ന മാതാപിതക്കൾ കാലത്തിന്റെ മാറ്റത്തിനൊപ്പം കുതിക്കുന്ന യുവത്വം . എവിടെയോ ഒരു കെട്ടുറപ്പിന്റെയും ഐക്യത്തിന്റെയും വിടവ്. ഈവിടവ് നികത്താൻ ക്ഷയിച്ചുപോയ കൂട്ടുകുടുംബ സങ്കല്പത്തിന്റെ ആശയങ്ങൾ ഉൾകൊണ്ട് ജാതിയോ മതമോ സമ്പത്തോ രാഷ്ട്രീയമോ ഇല്ലതെ എല്ലാവരെയും ഒന്നിപ്പിച്ച് ലാഭേച്ഛയില്ലാതെ സേവവം ചെയ്യാൻ ആഗ്രഹിക്കുന്ന വീട്ടുകാരുടെ ഒരു കൂട്ടായ്മയാണ് SNRA എന്ന ഈ സേവനസംഘടന

2013 ൽ എസ്.എൻ. റോഡ് ടാർ ചെയ്യുന്നതും തെരുവ് വിളക്ക് ഇടുന്നതുമായ ഒരു പ്രശ്നം ആണ് ഇത്തരം ഒരു കൂട്ടായ്മയ്ക്ക് കാരണം. പുരുഷോത്തമൻ, ബാലചന്ദ്രൻ, ഗോപിനാഥൻ, ഗോകുൽദാസ്, വിജയലക്ഷ്മി, മിഷ, രമ്യ എന്നിവർ 27-04-2014 തായംകോട്ട് സോമന്റെ വീട്ടിൽ കൂടുകയും സംഘടനയ്ക്ക് രൂപം നൽകുകയും ചെയ്തു. എല്ലാ വീടുകളിലും ചെന്ന് കാര്യങ്ങൾ പറയുവാനും വിപുലമായ ഒരു യോഗം വിളിക്കാനും ശ്രീ. ഗോകുൽദാസ് പ്രസിഡന്റായി ഒരു കോർ കമ്മിറ്റി ഉണ്ടാക്കി.

13-7-2014 ൽ പൊതുയോഗം കൂടു കോർ കമ്മറ്റി പിരിച്ചുവിട്ട് പുതിയ ഭരണസമിതി തെരഞ്ഞെടുത്തു. ശ്രീ. വി പി. ആനന്ദൻ പ്രസിഡന്റായി 15 അംഗ കമ്മിറ്റി നിലവിൽ വന്നു. തുടർച്ചയായി രണ്ട് വർഷം അദ്ദേഹം പ്രസിഡന്റായി തുടർന്നു. ഈകാലയളവിൽ രോഗികൾക്ക് ചികിത്സാസഹായം ഉൾപ്പടെ പല പ്രവർത്തനങ്ങളും നടത്തി.

13-08-2014 ൽ അസോസിയേഷന് TSR/CA/111/2014 എന്ന അംഗീകൃത രജിസ്ട്രേഷൻ കിട്ടി. 29-05-2016 ൽ കൂടിയ പൊതുയോഗത്തിൽ പ്രസിഡന്റ് ആയി ശ്രീ. ടി.ജി. ഗിരി തെരഞ്ഞെടുത്തു. അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള ഭരണസമിതി ആണ് തുടർന്നുകൊണ്ടിരിക്കുന്നത്.

വലപ്പാട് പഞ്ചായത്തിലെ ആദ്യത്തെ റസിഡന്റ്സ് അസോസിയേഷൻ ആണ് SNRA. 8-6-2014 ൽ പൊതുതാൽപര്യങ്ങളെമുൻനിറുത്തി ശ്രീ. യു. പീതാംബരമേനോന്റെ അദ്ധ്യക്ഷതയിൽ തായംകോട്ട് ക്ഷേത്രഹാളിൽ കൂടിയ യോഗത്തിൽ വച്ചാണ് SNRA റസിഡന്റ് എന്ന കൂട്ടായ്മ വീട്ടുകാരുടെ സഹകരണത്തോടെ ആരംഭിച്ചത്.

ശ്രീ. വെട്ടിയാട്ടിൽ ഗോകുൽദാസ് പ്രസിഡന്റും, ശ്രീ. പി. പുരുഷോത്തമൻ സെക്രട്ടറി, ശ്രീ. സുധീർസിങ്ങ് ട്രഷർ, ശ്രീമതി. വിജയലക്ഷമി ജോയിന്റ് സെക്രട്ടറിയും എക്സി. അംഗങ്ങൾ ആയി  ശ്രീ. ജയൻ, ശ്രീ. ഭാസ്കരൻ, ശ്രീ. ബാലചന്ദ്രൻ, ശ്രീ. അയ്യപ്പദാസ്, ശ്രീമതി. മിഷ വിനു, ശ്രീമതി. കൈരളിഎന്നിവരെയും തെരഞ്ഞെടുത്തു.

29-5-2016 ൽ കൂടിയ പൊതുയോഗത്തിൽ പുതിയ ഭരണസമിതിയെ തെരഞ്ഞെടുത്തു. ശ്രീ തയ്യിൽ ഗിരിയെ പ്രസിഡന്റായി തെരഞ്ഞെടുത്തു. ശ്രീമതി ഉദയദാസിന്റെ നേതൃത്വത്തിൽ വനിതാസംഘം രൂപീകരിച്ചു. 18-6-2017 T.G. ഗിരി പ്രസിഡന്റായി ഭരണസമിതി നിലവിൽ വന്നു. എക്സി. കമ്മറ്റിയുടേയും കുടുംബാംഗങ്ങളുടെയും സഹകരണത്തോടെ സർവ്വൈശ്വര്യത്തോടെ പ്രവർത്തനം തുടരുന്നു.

## നമ്മൾ ചെയ്തുകഴിഞ്ഞ കാര്യങ്ങൾ

### ഓണം – ക്രിസ്തുമസ്/ന്യൂ ഇയർ ആഘോഷം

ജാതിമത ഭേദമന്യേ എല്ലാ വിശേഷങ്ങളും നമ്മൾ ആഘോഷിക്കുന്നു. ഓണത്തിന് ഒത്തൊരുമയുടെ പ്രതീകമായി ഓണസദ്യയും പൂക്കളമത്സരവും പായസവിതരണവും നടത്തി വരുന്നു. പൂക്കളമത്സരവിജയിക്ക് സമ്മാനം നൽകുന്നു.

### SNRA യുടെ വാർഷികാഘോഷം ഒരു മാമാങ്കമാണ്.

വലിയ ഒരു വേദി തന്നെ നമ്മൾ ഒരുക്കുന്നു. ഒട്ടനവധി കലാകാരന്മാർക്ക് വേദി നൽകി വരുന്നു. വയോജനങ്ങളെ ആദരിക്കുകയും ഉന്നതവിദ്യാഭ്യാസത്തിന് അർഹരായ SNRA യിലെ യുവതയെ അനുമോദിക്കുകയും ചെയ്യുന്നു. വിശിഷ്ട മെഡലുകൾ കരസ്ഥമാക്കുന്ന ഏഴാം വാർഡിലെ അർഹരായവരെ അനുമോദിക്കുന്നു.

### പൊൻതൂവൽ

2017ൽ ഗുരുപവനപദ്ധതി സേവനം സെറ്റുടെ സഹായത്തോടെ നിർധനയായ ഒരു വിദ്യാർത്ഥിക്ക് "കീർത്തിക്ക് ഒരു കൈത്താങ്ങ്" വീട് വെച്ചു നൽകി.

### ചികിത്സാ സഹായം

അസോസിയേഷൻ കുടുംബാംഗങ്ങളിലേയും ഏഴാം വാർഡിലേയും ഗുരുതര രോഗമുള്ളവരെ ചികിത്സാ സഹായം നൽകി സഹായിക്കുന്നു.

കവളപ്പാറയിലെ ഉരുൾപൊട്ടൽ, കേരളം കണ്ട 2018 ലെ പ്രളയം, മഹാമാരിയായ കോവിഡ് ഈ കാലത്തെല്ലാം തന്നെ അസോസിയേഷൻ ഇടപെടുകയും തന്നാലാവുന്ന സഹായങ്ങൾ ചെയ്തു.

ആരോഗ്യപ്രവർത്തകരെ ആദരിച്ചു. വലപ്പാട് ഹോസ്പിറ്റൽ ഓക്സിമീറ്റർ നൽകി. ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു.

### മരണാനന്തര സഹായം

അസോസിയേഷൻ കുടുംബത്തിലെ അംഗങ്ങൾ മരണപ്പെട്ടാൽ അടിയന്തിര സഹായമായി 5,000 രൂപ നൽകി വരുന്നു.

### ലഹരി ബോധവത്ക്കരണ ക്ലാസ്സ്

എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ സഹായത്തോടെ ക്ലാസ്സുകൾ നടത്തി ശുചീകരണപ്രവർത്തനങ്ങൾ എല്ലാ വർഷവും നടത്തി വരുന്നു.

അസോസിയേഷൻ കുടുംബങ്ങളിൽ ഉണ്ടാകുന്ന ഒട്ടുമിക്ക പ്രശ്നങ്ങളിലും ഒത്തൊരുമയോടു കൂടി നമ്മൾ ഇടപെട്ട് തീർപ്പാക്കി കൊടുക്കുന്നു.

സ്നേഹവും സാഹോദര്യവും ഊട്ടിയുറപ്പിച്ചുകൊണ്ട് പത്തു വർഷം പിന്നിട്ട് അസോസിയേഷൻ മുന്നോട്ട് പോകുമ്പോൾ നന്ദി പറയാനുള്ളത് അസോസിയേഷൻ കുടുംബങ്ങളോട് തന്നെയാണ്. നിങ്ങളുടെ ഓരോരുത്തരുടേയും സഹകരണവും സഹായവുമാണ് നമ്മുടെ കരുത്ത്. നന്ദി...!!